**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 534** **23-07-2021 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ കിഫ്ബി മുഖേനയുള്ള കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം, കുഞ്ഞിമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടി കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (എ) | കല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം കുഞ്ഞിമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടി കിഫ്ബി മുഖേന ഭരണാനുമതി നൽകിയിട്ടുള്ള കുടിവെള്ളപദ്ധതിയുടെ 88% പൂർത്തീകരിച്ചു. |
| (ബി) | പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയും; | (ബി) | ഈ പദ്ധതി ഭാഗികമായി പൂർത്തീകരിച്ചു 20/02/2021 ന് കമ്മീഷൻ ചെയ്തിരുന്നു. ഈ പദ്ധതിയുടെ മുഴുവൻ പ്രവൃത്തികളും 31-12-2021 ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | ചെറുതാഴം, കുഞ്ഞിമംഗലം പഞ്ചായത്തുകളിലെ പല പഞ്ചായത്ത് റോഡുകളും പൈപ്പ് ലൈൻ ഇട്ടതിനാൽ തകർന്നു കിടക്കുന്നത് കണക്കിലെടുത്ത് പ്രസ്തുത റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഫണ്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് വാട്ടർ അതോറിറ്റിക്ക് നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (സി) | ചെറുതാഴം കുഞ്ഞിമംഗലം പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, പൈപ്പുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി റോഡുകൾ മുറിക്കേണ്ടി വന്നിടത്ത് റോഡുകളുടെ താൽക്കാലിക റിസ്റ്റോറേഷൻ പ്രവർത്തികൾ പദ്ധതിയുടെ ഭാഗമായി നടത്തി വരുന്നുണ്ട്. ഈ പ്രവർത്തികൾ കൂടുതൽ കാര്യക്ഷമമായി പൂർത്തീകരിക്കാനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തി വരുന്നു. റോഡ് പുനർനിർമ്മാണ പ്രവർത്തികൾ പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ